©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 നവംബർ 13
13th November 2025
1201 തുലാം 27
27th Thulam 1201
1947 കാർത്തികം 22
22nd Karthika 1947

നമ്പർ
No.
4019

കേരള സർക്കാർ

ആരോഗ്യവും കുടുംബക്ഷേമവും (എസ്) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നം.106/2025/ആകുവ തിരുവനന്തപുരം, 2025 നവംബർ, 7

1201 തുലാം 21

എസ്. ആർ. ഒ. നമ്പർ 1307/2025

2017-ലെ മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിലെ (2017-ലെ ആക്റ്റ് 15) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2019 ജൂൺ 29-ാം തീയതിയിലെ സ.ഉ.(അച്ചടി) 57/2019/ആ.കു.വ. നമ്പറായി പുറപ്പെടുവിച്ചതും 2019 30-ാം തീയതിയിലെ 1439-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 428/2019 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവേശന മേൽനോട്ട സമിതി രൂപികരിച്ചുകൊണ്ട് പുറപ്പെടുവിച്ചതുമായ വിജ്ഞാപനത്തിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:-

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ നിലവിലുള്ള 'എ' മുതൽ 'എഫ് വരെയുള്ള ഇനങ്ങൾക്കും അതിനുശേഷം വരുന്ന ദീർഘ വാചകത്തിനും പകരം താഴെപ്പറയുന്ന ഇനങ്ങളും ദീർഘ വാചകവും ചേർക്കേണ്ടതാണ്. അതായത്:-

(എ) റിട്ട. ജസ്റ്റിസ്. ശ്രീ. ബാബു മാത്യു പി. ജോസഫ് - ചെയർപേഴ് സൺ

(റിട്ടയേർഡ് ജഡ്ജ് ഹൈക്കോടതി)

(ബി) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി - മെമ്പർ സെക്രട്ടറി

(എക്സ്-ഒഫീഷ്യോ)

(സി) നിയമ സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - അംഗം

(ഡി) നാഷണൽ മെഡിക്കൽ കമ്മീഷൻ പ്രതിനിധി - അംഗം

(ഇ) പ്രവേശന പരീക്ഷ കമ്മീഷണർ (എക്സ്-ഒഫീഷ്യോ) - അംഗം

(എഫ്) പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോപ്പെട്ട വിദ്യാഭ്യാസ വിദഗ്ദ്ധൻ - അംഗം

(ഡി), (എഫ്) ഇനങ്ങൾ പ്രകാരമുള്ള അംഗങ്ങളെ പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിലെ (2017-ലെ 15-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയയുടെ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത വകുപ്പിൽ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രവേശന മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജൂൺ 29-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 57/2019/ആരോഗ്യം നമ്പരായി പുറപ്പെടുവിച്ചതും 2019 ജൂൺ 30-ാം തീയതിയിലെ 1439-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 428/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പ്രവേശന മേൽനോട്ട സമിതി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിരുന്നു. തുടർന്ന് കേരള സർക്കാർ 2019 ജൂലൈ 15-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 81/2019/ആ.കു.വ. നമ്പറായി പുറപ്പെടുവിച്ചതും 2019 ജൂലൈ 19-ാം തീയതിയിലെ 1653-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 487/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം പ്രകാരം ശ്രീ. പി. പി. ഗോപി-യെ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനായ അംഗമായി നിയമിച്ചിട്ടുള്ളതും, 2019 ഒക്ടോബർ 30-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 99/2019/ആ.കു.വ. നമ്പറായി പുറപ്പെടുവിച്ചതും 2019 നവംബർ 19-ാം തീയതിയിലെ 2845-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 909/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം പ്രകാരം ഡോ. ആശ കിഷോറിനെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിയായി നിയമിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത സമിതി ചെയർപേഴ്സന്റെ കാലാവധി 29.06.2022-നു അവസാനിച്ചതിനെ തുടർന്ന് 2022 ജൂൺ 25-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 29/2022/ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിട്ട. ജസ്റ്റിസ് ശ്രീ കെ.കെ. ദിനേശൻ-നെ 30/06/2022 മുതൽ പ്രാബല്യത്തിൽ ചെയർമാനായി നിയമിച്ച് ഉത്തരവായിരുന്നു. അപ്രകാരം നിയമിതനായ ചെയർമാന്റെ ഔദ്യോഗിക കാലാവധി 29.06.2025-ൽ അവസാനിച്ചിട്ടുള്ളതുമാണ്. എന്നാൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് 2025 സെപ്റ്റംബർ 11-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 23/2025/HEDN നമ്പർ ഉത്തരവ് പ്രകാരം 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലെ (2006-ലെ 19-ാം ആക്റ്റ്) 4- ഉം, 6-ഉം വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു, റിട്ടയേർഡ് ജസ്റ്റീസ് ശ്രീ ബാബു മാത്യു പി ജോസഫ്-നെ ചെയർപേഴ്സൺ ആയി പ്രസ്തുത ആക്റ്റിലെ ആവശ്യത്തിലേയ്ക്കുള്ള പ്രവേശന മേൽനോട്ട സമിതിയും, ഫീസ് നിയന്ത്രണ സമിതിയും പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ 2017- കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിൻ കീഴിലുള്ള പ്രവേശന മേൽനോട്ട സമിതിയുടെ ചെയർപേഴ്സണായി റിട്ടയേർഡ് ജസ്റ്റീസ് ശ്രീ ബാബു മാത്യു പി. ജോസഫ്-നെ തന്നെ നിയമിച്ചുകൊണ്ട് 2025 നവംബർ 7-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 106/2025/ആരോഗ്യം നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും, നിയന്ത്രിക്കലും) ഭേദഗതി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം അങ്ങനെയുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പുതിയ ചെയർപേഴ്സനെ നാമനിർദ്ദേശം ചെയ്യുന്നതിനും ഭേദഗതി ചെയ്യപ്പെട്ട 3-ാം വകുപ്പിന് അനുസൃതമായി എസ്.ആർ.ഒ. 428/2019 നമ്പർ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.13 09:55:44 +05:30